# വിശ്വാസപരിശീലനകേന്ദ്രം

I. **സന്മാർഗ്ഗബോധന പൊതുപരീക്ഷ 2026 ജനുവരി 09:** 2026 ജനുവരി 9-ാം തീയതി വെള്ളിയാഴ്ച രാവിലെ 10.00 മണി മുതൽ 12.00 മണി വരെ Std. V, VII, IX, XI വിദ്യാർത്ഥികൾക്കുള്ള പൊതുപരീക്ഷയും ഉച്ചകഴിഞ്ഞ് 2.00 മണി മുതൽ 4.00 മണി വരെ Std. IV, VI, VIII, X, XII വിദ്യാർത്ഥികൾക്കുള്ള പൊതുപരീക്ഷയും നടത്തപ്പെടുന്നതായിരിക്കും. Std. I മുതൽ III വരെയുള്ള ക്ലാസ്സുകളിൽ അതിരൂപതാതലത്തിൽ പൊതു പരീക്ഷ ഉണ്ടായിരിക്കുന്നതല്ല.

നമ്മുടെ എല്ലാ സ്കൂളുകളിലും വാർഷിക പരീക്ഷയ്ക്ക് കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷൻ തയ്യാറാക്കുന്ന ചോദ്യപേപ്പറുകളാണ് ഉപയോഗിക്കേണ്ടത്. ഓരോ ക്ലാസ്സിനും നിർദ്ദേശിച്ചിരിക്കുന്ന പാഠപുസ്തകത്തിലെ മുഴുവൻ അദ്ധ്യായങ്ങളും പഠിപ്പിക്കേണ്ടതാണ്. പൊതു പരീക്ഷയിൽ 80%-ന് മുകളിൽ മാർക്ക് ലഭിക്കുന്ന കുട്ടികളുടെ ഉത്തര ക്കടലാസുകൾ അവരുടെ ലിസ്റ്റ് സഹിതം 2025 ജനുവരി 16-ാം തീയതിക്കു മുമ്പ് ഫൊറോനാ സെക്രട്ടറിയെ ഏൽപിക്കേണ്ടതാണ്. പ്രസ്തുത പേപ്പറുകൾ അതിരൂപതാതലത്തിൽ പുനഃപരിശോധന നടത്തി 90%-നുമേൽ മാർക്ക് ലഭിക്കുന്ന കുട്ടികൾക്ക് അതിരൂപതാതലത്തിൽ A+ ഗ്രേഡ് അവാർഡ് നൽകുന്നതായിരിക്കും. 80%-നുമേൽ മാർക്ക് ലഭിക്കുന്നവർക്ക് A ഗ്രേഡ് സർട്ടിഫിക്കറ്റുകളും നൽകുന്നതാണ്. ചോദ്യപേപ്പറുകൾ 2026 ജനുവരി 8-ാം തീയതി ഫൊറോനാ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതാണ്.

IV, VII, X, XII ക്ലാസ്സുകളിലെ കുട്ടികൾക്കായി സംസ്ഥാനതല സ്കോളർഷിപ്പ് പരീക്ഷ 2026 ഫെബ്രുവരി 14 ശനിയാഴ്ച്ച രാവിലെ 10.00 മണി മുതൽ 12.00 മണി വരെ കെ.സി.ബി.സി. നടത്തുന്നതാണ്. വാർഷിക പരീക്ഷയിൽ ഓരോ സ്കൂളിൽ നിന്നും 1, 2, 3 സ്ഥാനങ്ങൾ കരസ്ഥമാക്കുന്ന കുട്ടികളാണ് സ്കോളർഷിപ്പ് പരീക്ഷയ്ക്ക് അർഹരാവുക. ഇവരുടെ പേരു വിവരം നിശ്ചിത ഫോമിൽ രേഖപ്പെടുത്തി 2026 ജനുവരി 16-നു മുമ്പ് ഫൊറോന സെക്രട്ടറിയെ ഏൽപിക്കേണ്ടതാണ്.

സ്കോളർഷിപ്പ് പരീക്ഷയുടെ ചോദ്യങ്ങൾ ഒറ്റവാക്കിൽ ഉത്തരമെഴുതാനുള്ള ചോദ്യങ്ങളായിരിക്കും. IV, VII ക്ലാസുകളിൽ 50 ചോദ്യവും X, XII ക്ലാസുകളിൽ 60 ചോദ്യവും ഉണ്ടായിരിക്കും. 10 മാർക്കിന്റെ ചോദ്യങ്ങൾ പൊതു ചോദ്യങ്ങളായിരിക്കും.

II. **പത്താം ക്ലാസ്സ് & ഡിപ്ളോമ കുട്ടികളുടെ രണ്ടാം സെമസ്റ്റർ പരീക്ഷ 2026 ജനുവരി 25 ഞായർ: സമയം – 2.00 pm - 4.00 pm.**

III. **പ്രതിഭാസംഗമം – 2025:** കാറ്റിക്കിസം ഡിപ്ലോമ രണ്ടാംവർഷ കുട്ടികളുടെ പ്രതിഭാ സംഗമം നവംബർ 29-ാം തീയതി ശനിയാഴ്ച രാവിലെ 9.00 മണി മുതൽ വൈകുന്നേരം 4.00 മണി വരെ കലൂർ റിന്യുവൽ സെന്ററിൽ  നടത്തി. 16 ഫൊറോനകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 30 കുട്ടികളാണ് ഇതിൽ പങ്കെടുത്തത്. അവരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 4 പ്രതിഭകളാണ് 2025 ഡിസംബർ 26, 27, 28 തീയതികളിൽ മൗണ്ട് സെന്റ് തോമസിൽ നടന്ന സീറോമലബാർസഭ പ്രതിഭാസംഗമത്തിൽ എറണാകുളം-അങ്കമാലി അതിരൂപതയെ പ്രതിനിധീകരിച്ചത്.

1. Dan Sunil Chennickara- St. Martin De Porres Church, Palarivattom
2. Sebastian Sojan Kozhukatta Puthussery – St. Joseph Church, Nayathode
3. Grace Rose Pathaadan – St Joseph Church, Vellarappily South
4. Elsa Joby Puthuva – Our Lady of Fathima Church, Anappara

IV. **CARLO BEATS RESULT: വിശുദ്ധ കാർലോ അക്കൂത്തിസിന്റെ അനുസ്മരണാർത്ഥം** അതിരൂപതാ വിശ്വാസ പരിശീലന വിഭാഗം നടത്തിയ **Carlo Beats Dance Competition-** ന് സമ്മാനാർഹരായവർ:

I. St. Mary’s Church, Thundathumkadavu
II. Little Flower Church, Elamkulam
III. St. Peter & Paul Church, Thaikattukara

മത്സരത്തിൽ പങ്കെടുത്ത ഇടവകകൾക്ക് നന്ദിയും സമ്മാനാർഹരായവർക്ക് അഭിനന്ദങ്ങളും അറിയിക്കുന്നു.

V. **സോഷ്യൽ ഔട്ട് റീച്ച് & അഡോപ്റ്റ് എ ഫാമിലി പ്രോഗ്രാം:** അതത് ക്ലാസ്സ് ടീച്ചേഴ്സ് ഓരോ പ്രോഗ്രാമിന്റെയും റിപ്പോർട്ടും ഓരോ ഇടവകയും ചിലവിടുന്ന തുകയുടെ കണക്കും 2026 ജനുവരി 21-ാം തീയതിയ്ക്കുള്ളിൽ വികാരിയച്ചന്റെ ഒപ്പോടുകൂടി ഫൊറോന സെക്രട്ടറി സിസ്റ്ററിന്റെ പക്കൽ നൽകുമല്ലോ. സോഷ്യൽ ഔട്ട് റീച്ച് & അഡോപ്റ്റ് എ ഫാമിലി പ്രോഗ്രാമിന്റെയും മാർക്കുകൾ ജനുവരി 18-ാം തീയതിയ്ക്കുള്ളിൽ കാറ്റിക്കോർപ്പിൽ രേഖപ്പെടുത്തേണ്ടതാണ്.

VI. **വിശ്വാസപ്രഖ്യാപനദിനം:** പന്ത്രണ്ടാം ക്ലാസ്സിലെ കുട്ടികളുടെ വിശ്വാസപ്രഖ്യാപനം 2026 ഫെബ്രുവരി 01-ാം തീയതിയാണ് (*വചനദീപം*, പേജ് 56 ഉം 109 ഉം നോക്കുക.)

VII. **ഫൊറോന സെക്രട്ടറിമാരുടെയും പ്രമോട്ടർമാരുടെയും യോഗം:** എറണാകുളം-അങ്കമാലി അതിരൂപത കാറ്റക്കിസം ഫൊറോന സെക്രട്ടറിമാരുടെയും പ്രമോട്ടർമാരുടെയും ഒരു യോഗം റിന്യൂവൽ സെന്ററിൽ 2025 ഡിസംബർ 14-ാം തീയതി നടന്നു.

**ഫാ. പോൾ മോറേലി**
**ഡയറക്ടർ**